"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ മരണമടഞ്ഞ മീനു പി വി-യുടെ മകനും ആശ്രിതനുമായ ശ്രീ . വിഷ്ണു ഒ.യു - ന് ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.180/2023/LSGD    തീയതി,തിരുവനന്തപുരം, 09-10-2023

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018- ലെ സ.ഉ(പി) നം 7/2018/ഉ.ഭ.പ.വ
4. 14.07.2023-ലെ സ.ഉ(പി) നം.12/2023/ഉ.ഭ.പ.വ.
5. ശ്രീ. വിഷ്ണു ഒ.യു യുടെ 04.03.2023 ലെ അപേക്ഷ
6. പഞ്ചായത്ത് ഡയറക്ടറുടെ 16.05.2020 ലെ PAN/6160/2022-E14(DP) നമ്പർ കത്ത്.
7. തൃശ്ശൂർ ജില്ലാ കളക്ടറുടെ 30.06.2023 ലെ DCTSR/10903/2022-A6 നം കത്ത്.

ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ 08.08.2021 ൽ മരണമടഞ്ഞ മീനു പി വി യുടെ മകൻ ശ്രീ. വിഷ്ണു ഒ.യു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5)-പ്രകാരമുള്ള അപേക്ഷ ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം(6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം തൃശ്ശൂർ ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്

2. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ

ആയിരിക്കെ 08.08.2021 ൽ മരണമടഞ്ഞ മീനു.പി.വി-യ്ക്ക് 07 വർഷം 10 മാസം 22 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാരിയുടെ മകനും ആശ്രിതനും അപേക്ഷകനുമായ ശ്രീ. വിഷ്ണു ഒ.യു- ന് 21 വയസ്സുണ്ടെന്നും (ജനനതീയതി 29.07.2001), ടിയാൾ എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിട്ടുണ്ടെന്നും, ടിയാന്റെ കുടുംബ വാർഷിക വരുമാനം 72,000/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരിയുടെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാളുടെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ശ്രീ. വിഷ്ണു ഒ.യു -ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ശ്രീ. വിഷ്ണു ഒ.യു-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടറുടേയും, തൃശ്ശൂർ ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പർ ആയിരിക്കെ 08.08.2021 ൽ മരണമടഞ്ഞ മീനു പി വി യുടെ മകനും ആശ്രിതനുമായ ശ്രീ . വിഷ്ണു ഒ.യു - ന് (ഒളാട്ട് ഹൗസ്, ഒരുമനയൂർ.പി.ഒ, തൃശ്ശൂർ — 680 512.) ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ അപേക്ഷകൻ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.

2. അപേക്ഷന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.

3 . സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷന്റെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.

4. ടിയാന്റെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5 . മരണമടഞ്ഞ സർക്കാർ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം

( 4 ) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വച്ചുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദു ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീ . വിഷ്ണു ഒ.യു ,ഒളാട്ട് ഹൗസ്, ഒരുമനയൂർ പി,ഒ, തൃശ്ശൂർ — 680 512. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

ജോയിന്റ് ഡയറക്ടർ, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ,മുഖാന്തിരം)

ജില്ലാ കളക്ടർ, തൃശ്ശൂർ .

സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ .

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 164/ഇപിഎ3/2022/തസ്വഭവ.)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 03-11-2023 10:48:29